## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 709** **24.01.2018-ൽ മറുപടിക്ക്**

## മുക്കം സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോർജ് എം. തോമസ്** | **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)** |
| മുക്കം സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ അന്വേഷിക്കണമെന്നും ഭരണ സമിതി പിരിച്ചു വിടണമെന്നും ആവശ്യപ്പെട്ടു കൊണ്ടുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ക്രമക്കേടുകളുടെ വിശദാംശം ലഭ്യമാക്കുമോ? | ഉണ്ട്. പ്രസ്തുത നിവേദനത്തിന്മേൽ കോഴിക്കോട് സഹകരണ ജോയിന്റ് രജിസ്ട്രാർ(ജനറൽ) നടത്തിയ പ്രാഥമിക അന്വേഷണത്തിൽ നിവേദനത്തിൽ പറഞ്ഞിട്ടുള്ള നിയമനത്തെ സംബന്ധിച്ച എഴുത്ത് പരീക്ഷ, അഭിമുഖം, സാമ്പത്തിക ഇടപാടുകൾ എന്നിവ സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണെന്ന് ബോധ്യമായതിനാൽ ഇക്കാര്യത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തുന്നതിന് 27/11/2017 -ന് സർക്കാർ വിജിലൻസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**